പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737 — 10/02/2016 ൽ മറുപടിക്ക്

മുനമ്പം സർക്കാർ ആശുപത്രി

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുനമ്പം സർക്കാർ ആശുപത്രിയിൽ നിലവിലുള്ള ഡോക്ടർമാർ, പാരാമെഡിക്കൽ, മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ള ജീവനക്കാർ എന്നിവരുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | മുനമ്പം സർക്കാർ ആശുപത്രിയിൽ വിവിധ തസ്തികകളിലായി 25 ജീവനക്കാരുണ്ട്. വിശദാംശം താഴെച്ചേർക്കുന്നു.<br>അസിസ്റ്റന്റ് സർജൻ – 2<br>ഹെഡ് നേഴ്സ് – 2<br>സ്റ്റാഫ് നേഴ്സ് – 8<br>ഫാർമസിസ്റ്റ് – 1<br>നേഴ്സിംഗ് അസിസ്റ്റന്റ് – 5<br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1 – 1<br>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2 – 5<br>പാർട്ട് ടൈം ക്ലീനർ – 1 |
| (ബി) | പ്രസ്തുത ആശുപത്രിയിൽ എത്രപേരെ കിടത്തി ചികിത്സിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 60 ആണ്. |
| (സി) | മുനമ്പം സർക്കാർ ആശുപത്രിയിൽ നിന്നും ഏതൊക്കെ വിഭാഗത്തിലുള്ള എത്ര ജീവനക്കാരെ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്ഥലംമാറ്റിയെന്നും, പകരം ജീവനക്കാരെ നിയമിച്ചുവോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഡോ. ദീപ. പി. സോമൻ, അസിസ്റ്റന്റ് സർജൻ സ്പെഷ്യലിറ്റി ഓപ്റ്റ് ചെയ്ത് 15/10/2015 ൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്ക് ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്. ഡോ.ഷാബിദ് ഖാൻ, അസിസ്റ്റന്റ് സർജൻ 11/11/2015 ൽ പനങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. നിലവിൽ രണ്ട് തസ്തികകളിലും പുതിയ ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. കൂടാതെ രണ്ട് ഹെഡ് നേഴ്സിനെയും രണ്ട് സ്റ്റാഫ് നേഴ്സിനെയും നിയമിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയെ ഹെൽത്ത് സെന്റർ നിലവാരത്തിലേക്ക് തരംതാഴ്ത്തുന്നതിന് നടപടിയെടുത്തിട്ടുണ്ടോ,; എങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | മുനമ്പം ആശുപത്രി നിലവിൽ 24 X 7 പി.എച്ച്.സി.യാണ്. പ്രസ്തുത സ്ഥാപനത്തെ തരംതാഴ്ത്തുന്നതിനുള്ള നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ